## വിവരാവകാശം / മറുപടി

നമ്പർ: E5-36321/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 23.11.2017.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ &
അപ്പലറ്റ് അതോറിറ്റി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്.

ശ്രീ.പി.പി.ചന്ദ്രൻ
പുതിയ പറമ്പത്ത്
അരങ്ങാടി (പി.ഒ)
കാഞ്ഞങ്ങാട്ട് സൗത്ത് -671531.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ - മറുപടി - സംബന്ധിച്ച്-

സൂചന: താങ്കളുടെ 15.11.17ൽ അപ്പലേറ്റ് അതോറിറ്റിക്ക് സമർപ്പിച്ച അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. താങ്കൾ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്കുള്ള വിശദമായ മറുപടി ചുവടെ ചേർക്കുന്നു.

1. കാസർഗോഡ് വൃദ്ധസദനത്തിലെ കുക്കായിരുന്ന ശ്രീമതി.സരോജിനിയെ പിരിച്ചു വിടാൻ സർക്കാർ നിർദ്ദേശം ലഭിക്കുകയോ ടിയാളെ പിരിച്ചുവിടുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയില്ല.

2. 3. 4. } സ്റ്റേ ഉത്തരവ് ഈ കാര്യാലയത്തിൽ ലഭിച്ചിട്ടില്ല.

5. ശ്രീമതി. സരോജിനി ഇപ്പോൾ കണ്ണൂർ വൃദ്ധമന്ദിരത്തിൽ കുക്കായി ജോലി ചെയ്യുന്നു.

കാസർഗോഡ് ഗവ.ഒബ്സർവേഷൻ ഹോമിലെ കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചു എന്ന കുറ്റാരോപണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ശ്രീമതി. സരോജിനി ഉൾപ്പെടെയുള്ള 8 പേരെ സസ്പെന്റ് ചെയ്യുകയും ബഹു. കാസർഗോഡ് സെഷൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല അച്ചടക്ക നടപടികൾ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ വിഷയവുമായി ബന്ധപ്പെട്ട ഇ5-23696/06

db@

നമ്പർ ഫയൽ 13.9.2017ൽ ഗവ. സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ടി ഫയലിൽ താങ്കൾ ആവശ്യപ്പെട്ടിട്ടുള്ള വിവരം ഉണ്ടെങ്കിൽ താങ്കൾക്ക് ലഭ്യമാക്കുവാൻ ടി കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കത്തിന്റെ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യുന്നു.

ഈ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ 90 ദിവസത്തനകം രണ്ടാം അപ്പീൽ അധികാരിയായ കേരള സംസ്ഥാന വിവരാവകാശ കമ്മീഷണൽക്ക് അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

**ഗീത.കെ**

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ &
അപ്പലേറ്റ് അതോറിറ്റി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്.

പകർപ്പ്:-

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി, സാമൂഹ്യനീതി (എ) വകുപ്പ്,
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

db@

**വിവരാവകാശം / മറുപടി**

നമ്പർ: E5-36321/17(2)

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 23.11.2017.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ &
അപ്പലറ്റ് അതോറിറ്റി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി,
സാമൂഹ്യനീതി (എ) വകുപ്പ്.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ പ്രകാരമുള്ള അപ്പീൽ അപേക്ഷ - സംബന്ധിച്ച്-

സൂചന:
1. 20.10.17ലെ 1888561/എ2/17/സാ.നീ.വ നമ്പർ സർക്കാർ കത്ത്.
2. ശ്രീ.പി.പി.ചന്ദ്രൻ സമർപ്പിച്ച വിവരാവകാശ പ്രകാരമുള്ള അപ്പീൽ അപേക്ഷ.

സൂചന ഒന്ന് പ്രകാരം ഈ കാര്യാലയത്തിലെ SPIO ക്ക് ലഭ്യമാക്കിയിരുന്ന ശ്രീ.പി.പി.ചന്ദ്രൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷക്ക് ടിയാന് നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള കേസിനെ സംബന്ധിച്ച് വ്യക്തത വരുത്തി നൽകുവാൻ ആവശ്യപ്പെട്ടിരുന്നു. ടിയാൻ ഇതിന് അപ്പലേറ്റ് അതോറിറ്റിക്ക് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾക്ക് ഈ കാര്യാലയത്തിൽ ലഭ്യമായ വിവരം നൽകി മറുപടി നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) 24.6.17ലെ എ2/221/2017 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നതും ഈ കാര്യാലയത്തിൽ നിന്നും 29.8.17ലെ ഇ5/23696/06 നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് 13.9.17ൽ ലഭ്യമാക്കിയ ഇ5-23696/06 നമ്പർ ഫയലിൽ ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള വിവരം ഉണ്ടെങ്കിൽ നൽകുന്നതിനായി ടിയാന്റെ 15.11.17ലെ അപേക്ഷയുടെ പകർപ്പ് ഈ അപേക്ഷയ്ക്ക് ടിയാന് നൽകിയ മറുപടിയുടെ പകർപ്പ് ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**ഗീത.കെ**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ &
അപ്പലേറ്റ് അതോറിറ്റി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്

25/11/17

*db@*

*Email: swdkerala@gmail.com , website: www.sjdkerala.gov.in*